

## ജീവൻ തുടിക്കുന്ന ത്രിമാന മാതൃകകൾ

മൂന്നാർ പ്രദേശത്തെ ജൈവ വൈവിധ്യത്തിന്റെ നേരനുഭവം പകർന്നു നൽകാൻ ലക്ഷ്യമിട്ട് നിരവധി ത്രിമാന മാതൃകകൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. മേഘങ്ങൾ മലമടക്കുകളെ ചുംബിച്ചു നിൽക്കുന്ന ഉയർന്ന പ്രദേശങ്ങളിലെ അനുഭൂതിദായകമായ സവിശേഷ പരിസ്ഥിതി, ഇടത്തരം ചരിവുള്ള പ്രദേശങ്ങളിലെ സമൃദ്ധമായ നിത്യ ഹരിതവനങ്ങൾ, താഴ്‌വരകളിലെ കുറ്റിക്കാടുകൾക്കിടയിലെ അന്യാദൃശമായ ചിതൽപ്പുറ്റുകൾ തുടങ്ങിയവയുടെ ത്രിമാന മാതൃകകൾ  ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

അനിതരസാധാരണമായ സംസ്കാരവും ആചാരങ്ങളും ജീവിതരീതികളും പിന്തുടരുന്ന വൈവിധ്യമാർന്ന അനേകം തദ്ദേശീയ ഗോത്ര വിഭാഗങ്ങളുടെ ആവാസകേന്ദ്രമാണ് മൂന്നാർ പ്രദേശം. മണ്ണാൻ, മുതുവാൻ, പളിയൻ, മലയരയൻ, ഊരാളി, ഉള്ളാടൻ, മലപുലയൻ എന്നിവയാണ് ഈ പ്രദേശങ്ങളിലെ പ്രധാന ഗോത്രവിഭാഗങ്ങൾ. ഇവരിൽ മലയര വിഭാഗത്തിൽപ്പെട്ടവരാണ് ഏറ്റവുമധികം ഉള്ളത്. രണ്ടാംസ്ഥാനം മുതുവാൻവിഭാഗത്തിനാണ്. ഇതിൽ മുതുവാൻ വിഭാഗത്തിന്റെ ഗോത്രജീവിതത്തിന്റെ സവിശേഷതകൾ തൊട്ടറിയാൻ കഴിയുംവിധത്തിൽ അത്യന്തം സൂക്ഷ്മതയോടെ സജ്ജീകരിച്ചിട്ടുള്ള മുതുവാൻ വിഭാഗത്തിന്റെ ഒരു വീടും ദൈനംദിനാവശ്യങ്ങൾക്കുപയോഗിക്കുന്ന വീട്ടുപകരണങ്ങളും ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിലെ ആകർഷണീയമായ ഒരിനമാണ്. ഗോത്രജീവിതത്തെക്കുറിച്ച് കൂടുതലറിയാൻ സഹായിക്കുന്ന പാനലുകളും ഈ ഭാഗത്ത് സജ്ജീകരിച്ചിട്ടുണ്ട്.

## ത്രിമാന ഭൂപടം

മൂന്നാറിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്ന 15 ജൈവ വൈവിധ്യ ഹോട്ട്സ്പോട്ടുകളുടെ സ്ഥാനം കൃത്യമായി രേഖപ്പെടുത്തിയ ഒരു ത്രിമാന ഭൂപടം ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. ഈ ഭൂപടത്തിനു ചുറ്റിലും ക്രമീകരിച്ചിരിക്കുന്ന വിജ്ഞാനപ്രദമായ പാനലുകളിൽ നിന്നും ഈ 15 പ്രദേശങ്ങളെ സംബന്ധിച്ചുമുള്ള അധിക വിവരങ്ങൾ മനസിലാക്കാനാവും.

## വിജ്ഞാനം പകരുന്ന ഡിസ്‌പ്ലേകൾ

മൂന്നാർ ഭൂപ്രദേശത്തിന്റെ സമൃദ്ധവും സമ്പന്നവുമായ ജൈവ വൈവിധ്യത്തിലേയ്ക്ക് വാതിൽ തുറക്കുന്ന 25 ഡിസ്‌പ്ലേ പാനലുകൾ (Backlit Display Panels) ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. ആവാസ വ്യവസ്ഥാ വൈവിധ്യം, കാർഷിക ജൈവ വൈവിധ്യം, സാംസ്കാരിക സമ്പന്നത, നിർബന്ധമായും കണ്ടിരിക്കേണ്ട പ്രദേശങ്ങൾ തുടങ്ങിയവ വിശദമായി പ്രതിപാദിക്കുന്നവയാണ് ഈ ഡിസ്‌പ്ലേ ബോർഡുകൾ.

## സ്വയം സംവേദന ടച്ച് സ്ക്രീൻ കിയോസ്കുകൾ

മൂന്നാർ ഭൂപ്രദേശത്തിന്റെ അത്ഭുതകരമായ സവിശേഷതകളെക്കുറിച്ച് ആഴത്തിലുള്ള അനുഭവം പകരുംവിധത്തിൽ രണ്ട് ഇന്ററാക്ടീവ് ടച്ച് സ്ക്രീൻ കിയോസ്കുകൾ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. സന്ദർശകർക്ക് സ്വയം പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഈ ടച്ച് സ്ക്രീൻ കിയോസ്കുകളിലുള്ള 50 വീഡിയോകൾ, പ്രശ്നോത്തരികൾ, ഗെയിമുകൾ തുടങ്ങിയവയിലൂടെ ഈ ഭൂപ്രദേശത്തിന്റെ വൈവിധ്യത്തെക്കുറിച്ചും സാംസ്കാരിക ചരിത്രത്തെക്കുറിച്ചും ഉത്തരവാദിത്തപൂർണമായ  വിനോദ സഞ്ചാരത്തിന്റെ ആവശ്യകതയെകുറിച്ചുമുള്ള ഉൾക്കാഴ്ചകളിലേയ്ക്ക് കടന്നുപോകാൻ കഴിയും.

## ആകർഷകമായ ഛായാ ചിത്രങ്ങൾ

മൂന്നാർ ഭൂപ്രകൃതിയിൽ കാണപ്പെടുന്ന വിവിധതരം സസ്യങ്ങൾ, മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ, ഉരഗങ്ങൾ തുടങ്ങിയവയുടെ ജീവൻ തുടിക്കുന്ന ഛായാചിത്രങ്ങൾ ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രത്തിന്റെ പുറംചുവരുകളെ മനോഹരവും അധിക വിജ്ഞാന സ്ഥലവുമാക്കി മാറ്റുന്നു. ഗാംഭീര്യവും തലപ്പൊക്കവുമുള്ള സസ്തനികൾ, മനോഹാരിത നിറഞ്ഞ പക്ഷികൾ, അപൂർവ്വ ഉരഗവിഭാഗങ്ങൾ, ഉഭയജീവികൾ, മനംമയക്കുന്ന ചിത്രശലഭങ്ങൾ, അപൂർവ തുമ്പികൾ, ഓർക്കിഡുകൾ, ബാൽസമുകൾ തുടങ്ങി അനേകം സസ്യജന്തുജാലങ്ങളുടെ ജീവൻ തുടിക്കുന്ന ചിത്രങ്ങൾ മൂന്നാർ ഭൂപ്രകൃതിയുടെ നേർചിത്രമായി നമുക്ക് മുന്നിൽ തെളിഞ്ഞു നിൽക്കുന്നു.

ഹരിതകേരളം മിഷൻ, ഉപ്പളംറോഡ്, സ്റ്റാച്യു, തിരുവനന്തപുരം 695001





# നീലക്കുറിഞ്ഞി

# ഹരിതകേരളം ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം അടിമാലി, ഇടുക്കി

നവകേരളം കർമപദ്ധതി
ഹരിതകേരളം മിഷൻ
ഇടുക്കി ജില്ലാ പഞ്ചായത്ത്

## നീലക്കുറിഞ്ഞി
## ഹരിതകേരളം ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം

**മൂന്നാർ മലനിരകളിലേയ്ക്കുള്ള അറിവിന്റെ ഒരു കവാടം**

കേരളത്തിന്റെ കിഴക്കൻ അതിരായ പശ്ചിമഘട്ടം അനുപമമായ ഭൂഭംഗിയാലും ആസ്വാദ്യകരമായ കാലാവസ്ഥയാലും സഞ്ചാരികളെ ആകർഷിക്കുന്ന പ്രദേശമാണ്. എന്നാൽ കാലാവസ്ഥയ്ക്കും കാഴ്ചഭംഗിക്കുമപ്പുറം അനേകം സവിശേഷതകളാൽ സമ്പന്നമാണ് ഈ മലനിരകൾ. അവയിൽ പ്രധാനപ്പെട്ടതാണ് പശ്ചിമഘട്ടത്തിലെ ജൈവ വൈവിധ്യം. അപൂർവങ്ങളായ അനേകം ജന്തു സസ്യജാലങ്ങളുടെ ആവാസ വ്യവസ്ഥയാണ് പശ്ചിമഘട്ടത്തിലെ പല പ്രദേശങ്ങളും. എന്നാൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടെ ഈ പ്രദേശങ്ങൾ സന്ദർശിക്കാനെത്തുന്നവരിൽ ബഹുഭൂരിപക്ഷവും ഈ സവിശേഷതകൾ വേണ്ടത്ര മനസിലാക്കാതെ ഇവിടെ നിന്നും മടങ്ങുന്ന സ്ഥിതിയാണുള്ളത്.

ജൈവവൈവിധ്യ സംരക്ഷണത്തിന്റെ അനിവാര്യമായ ഘടകമാണ് ജൈവവൈവിധ്യ വിജ്ഞാനം. മൂന്നാറിലും പരിസര പ്രദേശങ്ങളിലും സന്ദർശകരായെത്തുന്നവർക്ക് ഈ പ്രദേശത്തെ ജൈവ വൈവിധ്യത്തിന്റെ സവിശേഷതകളെക്കുറിച്ച് അനുഭവാധിഷ്ഠിതമായ അറിവു പകരുക എന്ന ലക്ഷ്യത്തിൽ ഒരു ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രം രൂപീകരിക്കാൻ ഹരിതകേരളം മിഷൻ തീരുമാനിച്ചത് ഈ പശ്ചാത്തലത്തിലാണ്.

വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്കും തദ്ദേശീയരായവർക്കും ഈ പ്രദേശത്തിന്റെ ജൈവവൈവിധ്യത്തെപ്പറ്റി അവബോധം പകരുക എന്നതാണ് ഈ ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിന്റെ പ്രാഥമിക ലക്ഷ്യം. ഇതിനായി ഇന്ററാക്ടീവ് കിയോസ്കുകൾ, പാനലുകൾ, വീഡിയോ തുടങ്ങിയവയും ആവാസ വ്യവസ്ഥ, സാംസ്കാരിക പാരമ്പര്യം, ഭൂപ്രകൃതി, ജന്തു സസ്യ വൈവിധ്യങ്ങൾ എന്നിവയുടെ മാതൃകകളും ഉൾപ്പെടെ നിരവധി സംവിധാനങ്ങൾ ഈ വിജ്ഞാന കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്.




പ്രവർത്തന സമയം : 9 am - 5pm
തിങ്കൾ അവധി